(ഡി) മുൻ കാവങ്ങളിലെ പദ്ധതി ചെലവ് പൂർണ്ണമായും കടമെടുപ്പിലൂടെ സ്വരൂപിച്ചതും പദ്ധതി അടങ്കലിലെ ചെലവുകളിൽ ഉണ്ടായിട്ടുള്ള വർദ്ധനവിനായി കൂടുതൽ കടമെടുക്കേണ്ടി വന്നതുമാണ് പൊതുകടം വർദ്ധിക്കുവാൻ കാരണം.

(ഇ) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ട് കടമെടുക്കാറില്ല. വിദേശ സഹായം കേന്ദ്ര സർക്കാർ വഴി വിദേശ സഹായ പദ്ധതികൾക്കായിട്ടുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2004-2005-ൽ പദ്ധതിയിനത്തിൽ 2990 കോടി രൂപ ചെലവായിട്ടുണ്ട്.

സർക്കാർ ഏജൻസികൾ, സർക്കാർ ഗ്യാരണ്ടിയിൽ വാങ്ങിയ കടം

21 |199| *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസത്തിനു ശേഷം 2005 മെയ് 31 വരെ സർക്കാർ ഏജൻസികൾ, സർക്കാർ ഗ്യാരണ്ടിയുടെ ബലത്തിൽ വാങ്ങിയ കടം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ:

(ബി) സർക്കാർ ഗ്യാരണ്ടിയുടെ ബലത്തിൽ എടുത്തിട്ടുള്ള വായ്പകൾ യഥാസമയം തിരിച്ചടച്ചിട്ടുണ്ടോ;

(സി) 2001 മെയ് 31-ന് സർക്കാരിന്റെ കണ്ടിജന്റ് ബാദ്ധ്യത എത്രകോടി രൂപയുടേതായിരുന്നു? 2005 മെയ് 31-ന് കണ്ടിജന്റ് ബാദ്ധ്യത എത്രകോടി രൂപയുടേതാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2001 മെയ് മാസത്തിനു ശേഷം 2005 മെയ് 31 വരെ വിവിധ സർക്കാർ ഏജൻസികൾ, സർക്കാർ ഗ്യാരണ്ടിയുടെ ബലത്തിൽ 4076.71 കോടി രൂപയുടെ കടം വാങ്ങിയിട്ടുണ്ട്.

(ബി) ചില സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്.

(സി) 2001 മെയ് 31-ന് ഗ്യാരണ്ടി മുഖേനയുള്ള കണ്ടിജന്റ് ബാദ്ധ്യത 10819.36 കോടിയാണ്. 2005 മെയ് 31 വരെയുള്ള കണ്ടിജന്റ് ബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

സർക്കാർ എടുത്തിട്ടുള്ള വായ്പ

22 |200| *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാന സർക്കാർ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ വായ്പയായി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly